(19) മരം കയറ്റത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി

ശ്രീ. എ. കണാരൻ : സർ, കേരളത്തിലെ തെങ്ങ്, കവുങ്ങ് തുടങ്ങിയ മരങ്ങൾ കയറുന്ന തൊഴിലാളികളുടെ പ്രശ്നം ഞാൻ പല പ്രാവശ്യമായി ഈ നിയമസഭയിൽ ഉന്നയിച്ചിട്ടുണ്ട്. ഈ തൊഴിലാളി വിഭാഗങ്ങളുടെ താൽപ്പര്യം സംരക്ഷിക്കാവുന്ന രീതിയിൽ ഒരു നിയമനിർമ്മാണം കൊണ്ടുവരാമെന്ന് ഉറപ്പു നൽകിയതാണ്. ആ ഉറപ്പ് ഇതുവരെ പാലിക്കപ്പെട്ടിട്ടില്ല. അതിസാഹസികവും കഠിനവുമായ മേഖലയിൽ പണിയെടുക്കുന്നവരാണ് കേരളത്തിലെ മൂന്നു ലക്ഷത്തിലധികം വരുന്ന തെങ്ങ്-കവുങ്ങ്-പന കയറ്റത്തൊഴിലാളികൾ. കേരളത്തിലെ കാർഷികമേഖലയിലെ അതിപ്രധാനമായ കൃഷിയും കേരളത്തിലെ നാണ്യവിളകളിൽ നിർണ്ണായകവുമായവയാണ് തെങ്ങ്, കവുങ്ങ് തുടങ്ങിയവ. മരം കയറ്റത്തൊഴിലാളികളുടെ സ്ഥിതി വളരെ ശോചനീയമാണ്. അപകടങ്ങൾമൂലമുള്ള മരണം, അപകടത്തെത്തുടർന്നുള്ള ചികിത്സ, ആരോഗ്യം നഷ്ടപ്പെട്ട് മറ്റു വരുമാനമാർഗ്ഗങ്ങളൊന്നുമില്ലാതെ കഴിയേണ്ടിവരുന്ന ഈ തൊഴിലാളി കുടുംബങ്ങളുടെ സ്ഥിതി പരമദയനീയമാണ്. ഈ സ്ഥിതിവിശേഷത്തിന് ഒരു പരിധിവരെ സഹായം നൽകാൻ മരംകയറ്റ തൊഴിലാളികൾക്ക് ഒരു സമഗ്ര ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുന്നതിലൂടെ കഴിയും. അതിനുവേണ്ടിയുള്ള ഒരു പ്രത്യേക പദ്ധതി ആവിഷ്കരിക്കുന്നതിനും അത് പ്രാദേശിക ഭരണ സ്ഥാപനങ്ങൾവഴി പ്രായോഗികമാക്കുന്നതിനും കഴിയണം. മത്സ്യത്തൊഴിലാളികൾക്ക് അപകടം സംഭവിച്ചാൽ ഒരു ലക്ഷം രൂപവരെ ധനസഹായം കൊടുക്കാനുള്ള ഒരു വ്യവസ്ഥയുണ്ട്. കാർഷികമേഖലയിലെ പ്രബലമായ ഈ തൊഴിലാളിവിഭാഗത്തെ മാറ്റിനിറുത്തപ്പെടുന്നത് ആശാസ്യമല്ല. ഇപ്പോൾത്തന്നെ മണ്ഡരിരോഗബാധയെത്തുടർന്ന് തെങ്ങിന് മരുന്നടിക്കാൻ തൊഴിലാളികൾ മുന്നോട്ടുവരുന്നില്ല. നാളികേരം പറിച്ചെടുക്കാൻ തൊഴിലാളികളെ കിട്ടുന്നില്ല എന്നുള്ള പരാതിയും നിലനിൽക്കുകയാണ്. ഇത് മാന്യമായ തൊഴിൽ അല്ലെന്നും ആകർഷകമല്ലെന്നുമുള്ള തൊഴിലാളികളുടെ ബോധത്തെത്തുടർന്ന് ഉള്ള തൊഴിലാളികൾതന്നെ ഈ മേഖലയിൽനിന്ന് വിരമിക്കുകയും പുതിയ ആളുകൾ ഈ രംഗത്തേക്ക് വരാതിരിക്കുകയും ചെയ്യുന്ന അവസ്ഥയുണ്ട്. അതിന് മാറ്റം വരുത്തണം. ഈ കാരണങ്ങൾകൊണ്ട് മരം കയറ്റത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി ഒരു സമഗ്രമായ നിയമനിർമ്മാണം കൊണ്ടുവരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : മരം കയറ്റത്തൊഴിലാളികളെ സംബന്ധിച്ച ഈ സഹസ്രാബ്ദത്തിലെ അവസാനത്തെ സബ്മിഷനാണ് ഇത്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, 1980-ലെ മരംകയറ്റ തൊഴിലാളി ക്ഷേമനിധി പ്രകാരം മരംകയറ്റത്തൊഴിലിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടംമൂലം സ്ഥിരമായോ പൂർണ്ണമായോ അവശതയനുഭവിക്കുന്നവർക്കും മാരകമായ അപകടം സംഭവിച്ച തൊഴിലാളികളുടെ ആശ്രിതർക്കും എക്സ്ഗ്രേഷ്യാ ധനസഹായമായി 10,000 രൂപ ഇപ്പോൾ നൽകിവരുന്നുണ്ട്. ഇത് യഥാസമയം വിതരണം ചെയ്തുവരുന്നുണ്ട്. തെങ്ങുകയറ്റതൊഴിലാളികൾ ഉൾപ്പെടെയുള്ള മരംകയറ്റത്തൊഴിലാളികൾക്ക് ക്ഷേമനിധിക്കായുള്ള ഒരു കരടു ബിൽ സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. ഇൻഷ്വറൻസ് സൗകര്യം തുടങ്ങി സബ്മിഷനിൽ പറഞ്ഞിരിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ഈ ക്ഷേമനിധി നിലവിൽവരുന്നതോടുകൂടി പരിഗണിക്കപ്പെടുന്നതാണ്. കൂടാതെ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കുവേണ്ടി ഒരു

LIBRARY ARCHIVES Kerala Legislative Assembly

ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി ആരംഭിക്കുന്ന കാര്യവും സർക്കാരിന്റെ സജീവ പരിഗണനയിലാണ്. അതു സംബന്ധിച്ച് ഒരു ചർച്ച 14.12.99-ന് വകുപ്പു സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടന്നു. തുടർന്ന് ഇതു സംബന്ധിച്ച് 22.12.1999-ൽ ന്യൂ ഇൻഡ്യാ അഷ്വറൻസ് കമ്പനിയുടെ സീനിയർ ഉദ്യോഗസ്ഥന്മാരുമായി ലേബർ കമ്മീഷണർ വിശദമായ ചർച്ച നടത്തിയിട്ടുണ്ട്. കൂടുതൽ നല്ല രീതിയിലുള്ള ആനുകൂല്യങ്ങൾ മറ്റു ഇൻഷ്വറൻസ് കമ്പനികൾക്ക് നൽകാൻ കഴിയുമോയെന്ന് അറിയാൻ അവരുമായി ബന്ധപ്പെടുന്നുണ്ട്. ഇതു സംബന്ധിച്ച് അവസാന റിപ്പോർട്ട് പ്രസ്തുത അഷ്വറൻസ് കമ്പനികൾ താമസംവിനാ നൽകുമെന്ന് പ്രതീക്ഷിക്കുന്നു.

(20) കൊടുവള്ളി, മൊകയിൽ ശുദ്ധജലവിതരണ പദ്ധതികൾ

ശ്രീ. സി. മമ്മുട്ടി : സർ, രൂക്ഷമായ കുടിവെള്ള പ്രശ്നം സംബന്ധിച്ച് പല പ്രാവശ്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. എന്റെ നിയോജകമണ്ഡലത്തിലെ കൊടുവള്ളി സമഗ്ര ശുദ്ധജലവിതരണ പദ്ധതി ഫീസിബിളല്ലെന്ന് കണ്ടപ്പോൾ 3 കോടി രൂപ ചെലവഴിച്ച് ആ പദ്ധതി ഫീസിബിളാക്കുന്നതിനുവേണ്ടിയുള്ള ചില നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ രണ്ടരവർഷം മുമ്പ് നൽകിയതാണ്. 40 എച്ച്.പി. മോട്ടോറടക്കമുള്ള കാര്യം അതിലുൾപ്പെടുന്നുണ്ട്. പക്ഷേ നാളിതുവരെ അത് പ്രാവർത്തികമാക്കിയിട്ടില്ല. എന്നുമാത്രമല്ല, കഴിഞ്ഞ കാലത്തെ സർക്കാർ കൊണ്ടുവന്നിട്ടുള്ള മൂന്നുകോടി രൂപയുടെ പദ്ധതി ഇന്ന് തകർന്നുകിടക്കുകയാണ്. ഇന്നുവരെ ആ നിർദ്ദേശം നടപ്പാക്കിയിട്ടില്ല. അദ്ദേഹത്തിന്റെ മുൻഗാമി ഉറപ്പുതന്നിട്ടുള്ള കാര്യമാണ്. അതുപോലെതന്നെ എന്റെ നിയോജകമണ്ഡലത്തിൽ ഉണ്ണികുളം പഞ്ചായത്തിൽ ഒരു കോടിയിൽപ്പരം രൂപ ചെലവഴിച്ച മൊകയിൽ ശുദ്ധജലവിതരണ പദ്ധതിയുണ്ട്. അത് ട്രയൽ റണ്ണിൽത്തന്നെ തകർന്നുതരിപ്പണമായി കിടക്കുകയാണ്. പൈപ്പ് പൊട്ടി, ഫിറ്റിംഗ്സും പൊട്ടി. അതുസംബന്ധിച്ച് അന്വേഷണം നടത്താമെന്ന് ഉറപ്പുനൽകിയിട്ട് ഇന്നുവരെ ഇതുസംബന്ധിച്ച് ഒരന്വേഷണം നടത്തിയിട്ടില്ല. ആരെ രക്ഷിക്കാനാണെന്ന് എനിക്ക് അറിയുകയില്ല. ഒന്നരവർഷക്കാലമായി ഈ കാര്യം അദ്ദേഹത്തോട് പറയുന്നു. ഇന്നുവരെ നടപ്പാക്കിയിട്ടില്ല. അതുകൊണ്ട് അടിയന്തിരമായി ഈ കാര്യത്തിലും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, കൊടുവള്ളി-കിഴക്കോത്ത്-മടവൂർ സമഗ്ര ശുദ്ധജലവിതരണ പദ്ധതിയിൽനിന്നും ഇപ്പോൾ ശുദ്ധജലം വിതരണം നടത്തുന്നുണ്ട്. എന്നാൽ വേനൽക്കാലത്ത് ഉറവിടത്തിന്റെ അപര്യാപ്തതമൂലവും ശുദ്ധജലത്തിന്റെ കൂടുതൽ ഉപഭോഗംമൂലവും കിഴക്കോത്ത് പഞ്ചായത്തിനും മടവൂർ പഞ്ചായത്തിനും ഭാഗികമായി മാത്രമേ കുടിവെള്ളം എത്തിക്കാൻ സാധിക്കുന്നുള്ളൂ. പൂന്നൂർപ്പുഴയിൽ നിലവിലുള്ള കിണർ ഉപയോഗപ്പെടുത്തി പുതിയ പമ്പിംഗ് മെയിൻ സ്ഥാപിച്ച് ചെറുമല ടാങ്കിൽ ശുദ്ധജലം എത്തിച്ച് വിതരണം ചെയ്യുന്നതിന് 25 ലക്ഷം രൂപയുടെ ഒരു പ്രൊപ്പോസൽ പരിശോധനയിലാണ്. ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയുടെ പുനരുദ്ധാരണ പ്രവൃത്തി 1999-2000-ൽ ഉൾപ്പെടുത്തി ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പൂന്നൂർപ്പുഴയിൽ ഒരു കിണറും പമ്പിംഗ് ഹൗസും ഭൂവിതാനത്തിൽ ആറുലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഒരു ടാങ്കും ആറ് കിലോമീറ്റർ നീളത്തിൽ പമ്പിംഗ് മെയിൻ വിതരണ ശൃംഖലയും ജലവിതരണത്തിനായി സ്ഥാപിച്ചിട്ടുണ്ട്. ഈ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly